**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3819** **09-10-2025 - ൽ മറുപടിയ്ക്ക്**

**ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നിർധനരായ രോഗികൾക്ക് ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിച്ച വരുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | മാരക രോഗം ബാധിച്ച് ജീവൻ രക്ഷാ ചികിത്സയും, ജീവൻ രക്ഷാ ശസ്ത്രക്രിയും ആവശ്യമുള്ള നിർധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചുവരുന്ന പദ്ധതിയാണ് വി - കെയർ. പദ്ധതിയുടെ മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റിയുടെ ശിപാർശയും, അപേക്ഷകരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് വി -കെയർ പദ്ധതി മാനദണ്ഡ പ്രകാരം പരിഗണിക്കുവാൻ കഴിയുന്ന അപേക്ഷകർക്കാണ് ധനസഹായം അനുവദിച്ചുവരുന്നത്. |
| (ബി) | അപ്രകാരം ധനസഹായം അനുവദിക്കുന്നതിൽ വലിയ കാലതാമസമുണ്ടാകുന്നുവെന്നും സഹായം അനുവദിക്കുന്നില്ലെന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ജീവൻ രക്ഷാ ശസ്ത്രക്രിയകൾക്കും, ചികിത്സകൾക്കുമായി വി-കെയർ പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകളിൽ സാമൂഹ്യ സുരക്ഷാ മിഷൻ കോ-ഓർഡിനേറ്റർമാർ മുഖേന അപേക്ഷകരുടെ സാമൂഹിക- സാമ്പത്തിക പശ്ചാത്തലം അന്വേഷിക്കുകയും,പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെയും, സർക്കാർ മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന മെഡിക്കൽ എക്സ്പെർട്ട്കമ്മിറ്റിയുടെ ശിപാർശയുടെയും ചികിത്സാ ചെലവിന്റെ വ്യാപ്തിയുടെയും അടിസ്ഥാനത്തിൽ പദ്ധതി മാനദണ്ഡം അനുശാസിക്കുന്ന വിധത്തിലും അർഹരായ എല്ലാ അപേക്ഷകർക്കും സമയബന്ധിതമായിതന്നെ ധനസഹായം അനുവദിക്കുന്നുണ്ട്. |
| (സി) | എങ്കിൽ കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; | (സി) | ജീവൻ രക്ഷാ ശസ്ത്രക്രിയകൾക്കും, ചികിത്സകൾക്കുമായി വി-കെയർ പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകളിൽ സാമൂഹ്യ സുരക്ഷാ മിഷൻ കോ-ഓർഡിനേറ്റർമാർ മുഖേന അപേക്ഷകരുടെ സാമൂഹിക- സാമ്പത്തിക പശ്ചാത്തലം അന്വേഷിക്കുകയും,പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെയും, സർക്കാർ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന മെഡിക്കൽ എക്സ്പെർട്ട്കമ്മിറ്റിയുടെ ശിപാർശയുടെയും ചികിത്സാ ചെലവിന്റെ വ്യാപ്തിയുടെയും അടിസ്ഥാനത്തിൽ പദ്ധതി മാനദണ്ഡം അനുശാസിക്കുന്ന വിധത്തിലും അർഹരായ എല്ലാ അപേക്ഷകർക്കും സമയബന്ധിതമായിതന്നെ ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ഡി) | ഇത്തരത്തിൽ ധനസഹായം അനുവദിക്കുന്നതിനായി 2025 ജനുവരി 1 മുതൽ 2025 ഓഗസ്റ്റ് 31 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചുവെന്നും ആകെ അനുവദിച്ച തുക എത്രയെന്നുമുള്ള വിശദാംശം നൽകാമോ? | (ഡി) | വി കെയർ പദ്ധതിയിൽ 2025 ജനുവരി 1 മുതൽ 2025 ആഗസ്റ്റ് 31 വരെ 314 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ പദ്ധതി മാനദണ്ഡ പ്രകാരം പരിഗണിക്കുവാൻ കഴിയുന്ന 74 അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 2,05,15,000/- രൂപ (രണ്ടുകോടി അഞ്ചുലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ